ലിക്വിഡേഷനിലിരിക്കുന്ന സഹകരണസംഘങ്ങൾ.

56. [7] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5.3.1954 ആരംഭത്തിനു ലിക്വിഡേഷനിലിരിക്കുന്ന എത്ര സംഘങ്ങൾ വൈൻഡപ്പ് ചെയ്തു;

(ബി) 1953-54 അവസാനത്തിൽ ലിക്വിഡേഷനിലിരുന്ന സംഘങ്ങളെത്ര;

(സി) ലിക്വിഡേഷനിലിരിക്കുന്ന സംഘങ്ങളുടെ ആസ്തികളും ബാദ്ധ്യതകളും എന്താണ്; ഈ കണക്കുകൾ സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയെയാണ് കാണിക്കുന്നതെന്നു ഗവണ്മെന്റ് കരുതുന്നുണ്ടോ?

ഉത്തരം.

(എ) 28.

(ബി) 682.

(സി) ആസ്തികൾ ക്ര. 10,59,441-1-1

ബാദ്ധ്യതകൾ ക്ര. 11,29,217-0-7

സംഘങ്ങൾ റദ്ദുചെയ്യുക എന്നുള്ളതു് ഈ പ്രസ്ഥാനത്തിൽ യാദൃച്ഛികമായി ഉണ്ടാകുന്ന സംഭവമാണ്. ആയതിനാൽ റദ്ദുചെയ്ത സംഘങ്ങളുടെ ആസ്തികളുടെയും ബാദ്ധ്യതകളുടെയും കൂടുതൽകുറവു വച്ചുകൊണ്ടു് ഈ പ്രസ്ഥാനത്തിന്റെ വളർച്ചയെയോ താഴ്ചയെയോ നിശ്ചയിക്കുന്നതു് ശരിയായിരിക്കയില്ല. 1953-54 ൽ രജിസ്റ്റർചെയ്ത സംഘങ്ങളുടെ എണ്ണം, 60. കൂടാതെ ഓഹരിധനം, പ്രവർത്തനധനം, അംഗങ്ങളുടെ എണ്ണം, business turnover ഈ ഇനങ്ങളിലെല്ലാം പ്രശംസനീയമായ പുരോഗതി തന്നെയുണ്ടായിട്ടുണ്ടു്.

കൂടികിടപ്പ് രജിസ്റ്റർ.

57. [8] ശ്രീ. കുട്ടപ്പൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി പാസ്സാക്കപ്പെട്ട കുടിയിറക്ക് നിരോധന നിയമമനുസരിച്ച് കൂടികിടപ്പ് രജിസ്റ്റർ ചെയ്യുന്നതിനു് വേണ്ട നിർദ്ദേശങ്ങൾ വില്ലേജധികാരികൾക്കു് കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ്?

ഉത്തരം.

(എ) ഉണ്ടു്.

(ബി) നിർദ്ദിഷ്ട ഫാറത്തിന്റെ മാതൃകയിൽ അച്ചടിച്ചതോ, ടൈപ്പുചെയ്തതോ, കൈയ്യെഴുതിയിട്ടുള്ളതോ ആയ ഫാറത്തിൽ തയ്യാറാക്കിയിട്ടുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും, ആവശ്യമുള്ള വിവരങ്ങൾ നൽകുന്നതിനും വേണ്ട കർശന നിർദ്ദേശങ്ങൾ വില്ലേജ് അധികാരികൾക്കു് നൽകിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly